ഇവയിൽ ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതും ഉൾപ്പെടുന്നുണ്ട്. സാങ്കേതിക കാരണങ്ങൾ കൊണ്ട് ചില പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് ആ പദ്ധതികളും ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം

73 (3177) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രൊമോഷൻ തസ്തികയായ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നത് ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രൊമോഷനെ ബാധിക്കുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള കമ്മിഷൻ റിപ്പോർട്ടിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നേരിട്ടുള്ള നിയമനം നിർത്തലാക്കാൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നേരിട്ടുള്ള നിയമനം നിർത്തലാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശത്തെക്കുറിച്ച് ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക

74 (3179) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തികവർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക എത്രയാണ്; പ്രസ്തുത തുകയിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ ചെലവഴിച്ച തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly